ഭരണഭാഷ-മാതൃഭാഷ

ആലുവ മുനിസിപ്പാലിറ്റി
പിൻ കോഡ്- 683101
GSTIN:32AAAGA0021N2Z2 ഫോൺ നമ്പർ : 0484-2623758
https://aluvamunicipality.lsgkerala.gov.in,
secretaryaluvamunicipality@gmail.com

നമ്പർ: 464393-2025

തീയതി : 01-10-2026

## ഓഫർ നോട്ടീസ്

ആലുവ നഗരസഭ മുനിസിപ്പൽ ബസ് സ്റ്റാൻറ് കോമ്പൗണ്ടിൽ നിർമ്മിക്കുന്ന 38 കടമുറികളിൽ ഒഴിവുള്ള 7, 8, 9, 10, 11, 12, 13, 14, 34 എന്നീ നമ്പർ മുറികൾക്ക് ഓഫറുകൾ ക്ഷണിക്കുന്നു. ഓഫറുകൾ സ്വീകരിക്കുന്ന അവസാന തീയതി 15.10.2026 വൈകുന്നേരം 03.00 മണി വരെ. ഓഫർ സമർപ്പിക്കുന്നവർ കവറിനു മുകളിൽ ഷോപ്പ് നമ്പർ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് ഓഫർ നൽകുന്നതാണ്. ഓഫർ താല്ക്കാലികമായി ഉറപ്പിച്ചാൽ തൊട്ടടുത്ത ദിവസം തന്നെ ഓഫർ തുകയുടെ 1/2 ഭാഗം നഗരസഭയിൽ ഒടുക്കേണ്ടതും നിർദ്ദിഷ്ട വ്യവസ്ഥകൾ ഉൾപ്പെടുത്തി നഗരസഭയുമായി ഏഴ് ദിവസത്തിനകം പ്രാഥമിക കരാറിലേർപ്പെടേണ്ടതു മാണ്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് മുറി കൈമാറുന്ന മുറയ്ക്ക് ബാലൻസ് ഡെപ്പോസിറ്റ് തുക, ആറ് മാസത്തെ വാടക അഡ്വാൻസ് എന്നിവ ഒടുക്കി 500/-രൂപ മുദ്രപത്രത്തിൽ ആധാർ കാർഡിൻറെ പകർപ്പ്, ഫോട്ടോ സഹിതം എഗ്രിമെൻറ് ഹാജരാക്കേണ്ടതാണ്. യാതൊരു കാരണവും പറയാതെ തന്നെ ഓഫർ മാറ്റി വയ്ക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും നഗരസഭയ്ക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

ഷോപ്പ് നം. 5, 15, 25 എന്നിവ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ളതും ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതുമാണ്. താൽപര്യമുള്ളവർ ഷോപ്പ് നമ്പർ സഹിതം 15.10.2026 തീയതി വൈകുന്നേരം 03.00 മണിക്കകം അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷയോടൊപ്പം ജാതി തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം അടക്കം ചെയ്തിരിക്കേണ്ടതുമാണ്.

ഓഫർ സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ഇതുമായി ബന്ധപ്പെട്ട ബൈലോയിലും ഓഫർ നിബന്ധനകളിലും ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ആയത് ഓഫീസ് സമയങ്ങളിൽ പരിശോധനയ്ക്ക് ലഭിക്കുന്നതാണ്. അതാത് മുറികളിലേക്കുള്ള വൈദ്യുതി, വാട്ടർ കണക്ഷനുകൾ ലീസവകാശം അനുവദിച്ച് കിട്ടുന്നവർ അവരവരുടെ സ്വന്തം ചെലവിൽ

എടുക്കേണ്ടതാണ്. ഓഫർ സ്വീകരിക്കുന്ന ദിവസം പൊതുഅവധിയാകുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയം വരെ ഓഫറുകൾ സ്വീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ നഗരസഭ റവന്യൂ വിഭാഗത്തിൽ നിന്നും അറിയാവുന്നതാണ്.

| ഷോപ്പ് വിവരം | വിസ്തീർണ്ണം | മിനിമം പലിശ രഹിത റീ-ഫണ്ടബിൾ ഡെപ്പോസിറ്റ് | പ്രതിമാസ വാടക |
|---|---|---|---|
| ഷോപ്പ് നമ്പർ 7, 8, 9, 10, 11, 12, 13, 14, 34 എന്നിവ.<br>എസ്.സി/ എസ്.ടി- വിഭാഗക്കാർക്കായി സംവരണം ചെയ്തിട്ടുള്ള ഷോപ് നമ്പർ 5, 15, 25 എന്നിവ | 80 ചതുരശ്ര അടി | 4 ലക്ഷം / ഒരു മുറിയ്ക്ക് | 6000/ രൂപ + നിയമാനുസൃത നികുതി / ഒരു മുറിയ്ക്ക് |

MUNICIPAL OFFICE ALUVA - 683101

Full Additional charge 01/10/2021 , സെക്രട്ടറി




MUNICIPAL OFFICE
ALUVA - 683101

ആലുവ മുനിസിപ്പാലിറ്റി
പിൻ കോഡ്- 683101
GSTIN:32AAAGA0021N2Z2 ഫോൺ നമ്പർ : 0484-2623758
https://aluvamunicipality.lsgkerala.gov.in,
secretaryaluvamunicipality@gmail.com

നമ്പർ: 464393-2025

തീയതി : 01-10-2026

## മുനിസിപ്പൽ ബസ്സ് സ്റ്റാന്റിൽ നഗരസഭ നിർമ്മിക്കുന്ന കടമുറികളുടെ കുത്തകാവകാശം സംബന്ധിച്ച നിബന്ധനകൾ

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 215-ാം വകുപ്പ്, 567-ാം വകുപ്പിൻെറ (34)-ാം ഉപവകുപ്പ് എന്നിവ പ്രകാരം ആലുവ നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുനിസിപ്പൽ ബസ്സ് സ്റ്റാന്റിൽ നിർമ്മിക്കുന്ന 38 ഷോപ്പുകളിൽ 7, 8, 9, 10, 11, 12, 13, 14, 34 എന്നീ നമ്പർ ഷോപ്പുകൾ 1994-ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ടിനും, ഈ പരസ്യത്തിലെ നിബന്ധനകൾക്കും വിധേയമായി ലൈസൻസ് വ്യവസ്ഥയിൽ അനുവദിച്ച് നൽകുന്നതിനായി ഓഫറുകൾ ക്ഷണിക്കുന്നു. ഓഫർ അടങ്ങുന്ന കവറിനു മുകളിൽ കടമുറിയുടെ നമ്പർ വ്യക്തമായി രേഖപ്പെടുത്തേണ്ടതും ഓഫർ സമർപ്പിക്കുന്ന വ്യക്തിയുടെ ആധാർ കാർഡിന്റെ പകർപ്പ് സമർപ്പിക്കേണ്ടതാണ്. ഓഫർ നോട്ടീസ് തീയതിയിലെ നിശ്ചിത സമയത്തിനു ശേഷം ഓഫറുകൾ തുറന്നു പരിശോധിക്കുന്നതും ഏതിലാണ് കൂടുതൽ തുക ക്വാട്ട് ചെയ്തിരിക്കുന്നത് എന്ന് പരിശോധിച്ച് ചെയർമാൻ / സെക്രട്ടറി തുക ന്യായമാണെന്ന് കരുതുന്ന പക്ഷം കൂടിയ തുകയ്ക്കുള്ള ഓഫർ താൽക്കാലികമായി ഉറപ്പിക്കുന്നതുമായിരിക്കും. ഓഫർ സ്ഥിരപ്പെടുത്തുന്നത് കൗൺസിൽ ആയിരിക്കും. യാതൊരു കാരണവും പറയാതെ ഓഫർ സ്വീകരിക്കൽ നിർത്തിവയ്ക്കുന്നതിനോ ഓഫറുകൾ നിരാകരിക്കുന്നതിനോ മുനിസിപ്പൽ ചെയർമാൻ/ സെക്രട്ടറിക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

ഇപ്രകാരം ലീസ് അവകാശം ലഭിക്കുന്നവർ ഓഫർ താത്ക്കാലികമായി ഉറപ്പിക്കുന്നപക്ഷം ഓഫർ തുകയുടെ 1/2 ഭാഗം അടുത്ത ദിവസം തന്നെ നഗരസഭയിൽ ഒടുക്കേണ്ടതും നിർദ്ദിഷ്ട വ്യവസ്ഥകൾ ഉൾപ്പെടുത്തി നഗരസഭയുമായി 7 ദിവസത്തിനകം പ്രാഥമിക കരാറിൽ ഏർപ്പെടേണ്ടതുമാണ്. നിർമ്മാണം പൂർത്തിയാക്കി ഷോപ്പുകൾ കൈമാറുന്നസമയത്ത് നിലവിൽ ഒടുക്കിയ 1/2 തുകയ്ക്ക് പുറമേ വരുന്ന റീഫണ്ടബിൾ ഡെപ്പോസിറ്റ് പൂർണ്ണമായും, വാടക ഡെപ്പോസിറ്റ് ഇനത്തിൽ 6 മാസത്തെ വാടക മുൻകൂറായും ഒടുക്കി നഗരസഭയുമായി 500/-രൂപ മൂല്യമുള്ള മുദ്രപത്രത്തിൽ നടത്തിപ്പിന്റെ ഉറപ്പിലേക്ക് സെക്രട്ടറി നിശ്ചയിക്കുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഉടമ്പടി ഓഫർ കൗൺസിൽ അംഗീകരിച്ച് അറിയിപ്പ് ലഭിച്ച തീയതി മുതൽ 7 ദിവസത്തിനകം സമർപ്പിക്കേണ്ടതുമാണ്. ടി ഉടമ്പടിയോടൊപ്പം ആധാർ കാർഡ്/ ഇലക്ഷൻ ഐഡന്റിറ്റി കാർഡ്/റേഷൻ കാർഡ്/മറ്റ് അംഗീകൃത രേഖകൾ എന്നിവയുടെ കോപ്പിയും ഹാജരാക്കേണ്ടതാണ്. ഡെപ്പോസിറ്റ് തുകകൾക്ക് യാതൊരുവിധ പലിശയ്ക്കും അർഹതയുണ്ടായിരിക്കുന്നതല്ല.

ടി ഷോപ്പുകളുടെ വിസ്തൃതി 80 ച.അടി ആണ് മിനിമം പലിശ രഹിത റീഫണ്ടബിൾ ഡെപ്പോസിറ്റ് 4 ലക്ഷം രൂപയും പ്രതിമാസ വാടക 6000/- രൂപ + നിയമാനുസൃത നികുതിയും ആയിരിക്കും.

കരാർ കാലാവധി കരാർ തീയതി മുതൽ 3 വർഷത്തേക്കായിരിക്കും. ഓരോ വർഷവും വാടകയിൽ 5% വർദ്ധനവ് ഉണ്ടായിരിക്കുന്നതാണ്. മറ്റ് കാരണങ്ങൾ ഒന്നും ഇല്ലെങ്കിൽ മുനിസിപ്പൽ കൗൺസിൽ തീരുമാനത്തോടെ കരാർ കാലാവധി പുതുക്കി നൽകുന്നതാണ്.

കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ്, മറ്റു നികുതികൾ എന്നിവ കുത്തകക്കാരൻ യഥാസമയം തന്നെ അടച്ച് രസീത് വാങ്ങിയിരിക്കണം.

പ്രതിമാസ വാടകയും നിയമാനുസൃത നികുതിയും അതാത് മാസം 5-ാം തീയതിയ്ക്കുള്ളിലായി മുൻകൂർ അടച്ച് റസീറ്റ് വാങ്ങേണ്ടതും നിശ്ചിത തീയതിയ്ക്കകം വാടക അടയ്ക്കാത്തപക്ഷം പ്രതിമാസം 2% നിരക്കിൽ പിഴപലിശ ഒടുക്കേണ്ടതുമാണ്. 3 മാസത്തിൽ കൂടുതൽ വാടക കുടിശ്ശിക വരുത്തുന്നവരെ യാതൊരു നോട്ടീസും കൂടാതെ മുറി ഒഴിപ്പിച്ച് കൈവശപ്പെടുത്തുവാൻ മുനിസിപ്പൽ സെക്രട്ടറിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതും ഈ കാര്യത്തിൽ കുത്തകക്കാരന് യാതൊരു വിധ നഷ്ട പരിഹാരത്തിന് അർഹതയില്ലാത്തതുമാകുന്നു

കൈവശത്തിൽ ഉള്ള മുറികളിൽ നഗരസഭയിൽ നിന്ന് മുൻകൂട്ടിയുള്ള അനുവാദം വാങ്ങാതെ യാതൊരു വിധ കൂട്ടിച്ചേർക്കലുകളും മറ്റ് മാറ്റങ്ങളും വരുത്തുവാൻ പാടില്ല അനുമതിയോടെ ചെയ്യുന്ന പ്രവർത്തികൾക്ക് യാതൊരുവിധ നഷ്ട പരിഹാരത്തിനും കുത്തകക്കാരന് അവകാശമില്ലാത്തതാകുന്നു.

5, 15, 25 എന്നീ കടമുറികൾ പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിനായി സംവരണം ചെയ്തിരിക്കുന്നു. പ്രസ്തുത മുറികൾ അർഹരായവർക്ക് ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് അനുസൃതമായി അനുവദിക്കുന്നതാണ്.

കുത്തകയ്ക്ക് ലഭിക്കുന്ന കടമുറിയുടെ ഭാഗങ്ങളോ, അംശങ്ങളോ കൈമാറ്റം ചെയ്യുന്നതിനോ, കീഴ്കുത്തകയ്ക്ക് നൽകുന്നതിനോ കുത്തകക്കാരന് അധികാരമോ, അവകാശമോ ഉണ്ടായിരിക്കുന്നതല്ല.

സ്വന്തം താത്പര്യ പ്രകാരം കുത്തകക്കാരൻ ഷോപ്പ് ഒഴിയുന്ന പക്ഷം ഒഴിയുന്നതിന് 3 മാസം മുൻപ് തന്നെ മുനിസിപ്പൽ സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതും, ടി 3 മാസത്തെ വാടക മുൻകൂറായി അടയ്ക്കേണ്ടതുമാണ്.

ഷോപ്പുകൾ കൈവശം ലഭിക്കുന്നവർ അംഗീകൃത ബൈലോയും നഗരസഭ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വ്യവസ്ഥകളും, നിബന്ധനകളും പാലിക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. കൂടാതെ മുറികൾ ഏൽപ്പിച്ചു കൊടുക്കുന്ന സമയത്ത് പൊതുതാത്പര്യം കണക്കിലെടുത്ത് ഏർപ്പെടുത്തുന്ന പുതിയ നിബന്ധനകൾ അംഗീകരിക്കാൻ കുത്തകക്കാർ തികച്ചും ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്

MUNICIPAL OFFICE ALUVA - 683101

Full Additional charge 01/10/2022

സെക്രട്ടറി